ടി.സി.സി. കമ്പനി മാനേജ്മെന്റിൽ വരുത്തിയ മാറ്റങ്ങൾ

* 604 [646] ശ്രീ. എസ്. തങ്കപ്പൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.സി.സി. കമ്പനിയുടെ മാനേജ്മെന്റിൽ വരുത്തിയ മാറ്റങ്ങൾ കൊണ്ട് കമ്പനി പ്രവർത്തനം താരതമ്യേന മെച്ചപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മാറ്റത്തിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം;

(സി) കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ച് ഈ കൊല്ലം നഷ്ടം ഗണ്യമായി കുറയുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) ടി. സി. സി. യുടെ പ്രവർത്തനം ഈ സാമ്പത്തിക വർഷത്തിന്റെ രണ്ടാമത്തെ പകുതിയിൽ ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ട്.

(ബി) യോഗ്യതയുടെ അടിസ്ഥാനത്തിലാണ് പുതിയ ചെയർമാൻ ആൻറ് മാനേജിങ്ങ് ഡയറക്ടറെ നിയമിച്ചിട്ടുള്ളത്.

(സി) ഉണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നഷ്ടത്തിൽ ഏകദേശം ഒരു കോടി രൂപാ കുറവ് വരുമെന്നാണ് പ്രതീക്ഷ.

പറമ്പിക്കുളം - അലിയാർ നദീതട പദ്ധതി

* 605 [648] ശ്രീ. പിണറായി വിജയൻ:

,, എം.കെ. കൃഷ്ണൻ:

,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം - അലിയാർ നദീതട പദ്ധതിയുടെ കാര്യത്തിൽ തമിഴ്നാട് ഗവൺമെന്റുമായുണ്ടാക്കിയിട്ടുള്ള കരാറിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വ്യവസ്ഥകൾ പ്രകാരം കേരളത്തിലെ ചിറ്റൂർപുഴ പദ്ധതിക്കാവശ്യമായ വെള്ളം കൃത്യമായും കിട്ടുന്നുണ്ടോ,

(സി) ഇല്ലെങ്കിൽ ആയത് കിട്ടാനുള്ള എന്തെങ്കിലും ഫലപ്രദമായ ശ്രമം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ):

(എ) കരാറിന്റെ ഒരു കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട് *

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

* ലൈബ്രറിയിലെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly